**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3447** **26-10-2021 - ൽ മറുപടിയ്ക്ക്**

**തരിശായി കിടക്കുന്ന നെൽപാടങ്ങൾ കൃഷിയോഗ്യമാക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവിധ ജില്ലകളിലായി കൃഷി ചെയ്യാതെ തരിശായി കിടക്കുന്ന നെൽപാടശേഖരങ്ങളുടെ വിസ്തൃതി എത്ര എന്ന് കൃഷി വകുപ്പ് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ അവയുടെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് കൃഷി ചെയ്യാതെ തരിശായി കിടക്കുന്ന നെൽപാടശേഖരങ്ങളുടെ വിസ്തൃതി സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | വർഷങ്ങളായി കൃഷി ഇല്ലാതെ കിടന്ന പാടങ്ങൾ കൃഷിയോഗ്യമാക്കുന്നതിന് വലിയ തുക ആദ്യ ഘട്ടത്തിൽ മുടക്കേണ്ടിവരുന്ന സാഹചര്യത്തിൽ ഇവയ്ക്കായി ഇപ്പോൾ ഒറ്റത്തവണ സഹായമായി എത്ര രൂപയാണ് നൽകി വരുന്നത്; ഇതിന്റെ മാനദണ്ഡമെന്ത്; | (ബി) | കൃഷി വകുപ്പ് നടപ്പിലാക്കുന്ന നെൽകൃഷി വികസന പദ്ധതിയുടെ ഘടകമായ തരിശുനില കൃഷി പദ്ധതി പ്രകാരം തരിശുനിലങ്ങളിലെ നെൽകൃഷിക്ക് ഒരു ഹെക്ടറിന് 35,000/- രൂപ കർഷകനും 5,000/- രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ 40,000/- രൂപ എന്ന നിരക്കിൽ തരിശുകൃഷിക്ക് ആനുകൂല്യം ലഭിക്കുന്നു. ഇതിനു പുറമെ, ഒരു ഹെക്ടറിന് 1,000/- രൂപ എന്ന നിരക്കിൽ ഉത്പാദന ബോണസും നൽകുന്നു. |
| (സി) | പ്രസ്തുത തുക പര്യാപ്തമല്ല എന്ന പരാതി ഈ മേഖലയിൽ നിന്നും ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | കൃഷിയോഗ്യമാക്കേണ്ട പാടശേഖരത്തിന്റെ വിസ്തൃതിയ്ക്കനുസരിച്ച് എസ്റ്റിമേറ്റ് എടുത്ത് അതിനനുസരിച്ചുള്ള സഹായം കൃഷി വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റത്തവണയായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ സ്ഥലവിസ്തൃതി തിട്ടപ്പെടുത്തിയാണ് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ആനുകൂല്യം നൽകുന്നത്. പാടശേഖരം കൃഷി യോഗ്യമാക്കുന്നതിന് ഏതെങ്കിലും നിർമ്മാണ പ്രവർത്തികൾ ആവശ്യമെങ്കിൽ ആയതിന്റെ എസ്റ്റിമേറ്റ് സഹിതമുള്ള പ്രൊപ്പോസൽ കൃഷി ഭവൻ മുഖേന പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് സമർപ്പിക്കുന്ന പക്ഷം 2021-22 നെൽകൃഷി വികസന പദ്ധതിയിലെ "പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം റൈസ് മിൽ സ്ഥാപിക്കൽ ബ്ലോക്ക് ലെവൽ കൺവെർജെൻസ്" എന്ന ഘടകത്തിൽ ലഭ്യമായ ഫണ്ടിൽ നിന്നും അർഹതപ്പെട്ടവർക്ക് തുക അനുവദിക്കുന്നതാണ്. തരിശ് കൃഷിക്ക് ഒറ്റത്തവണയായി നൽകുന്ന ഹെക്ടറിന് 40,000/- രൂപ എന്ന നിരക്കിലുള്ള |

| | | | |
|---|---|---|---|
| | | | ആനുകൂല്യം ലഭിക്കുന്നതിന് കൃഷിഭവനിൽ ആണ് അപേക്ഷ നൽകേണ്ടത്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

## സംസ്ഥാനത്ത് കൃഷി ചെയ്യാതെ തരിശായി കിടക്കുന്ന നെൽപാടശേഖരങ്ങളുടെ വിസ്തൃതിയുടെ കണക്കെടുപ്പ് കൃഷി വകുപ്പ് നടത്തിയതിന്റെ ജില്ല തിരിച്ചുള്ള കണക്ക്

| **ക്രമ നമ്പർ** | **ജില്ല** | **തരിശായി കിടക്കുന്ന നെൽപാടശേഖരങ്ങളുടെ വിസ്തൃതി (ഹെക്ടർ)** |
|---|---|---|
| 1 | തിരുവനന്തപുരം | 269.10 |
| 2 | കൊല്ലം | 568.80 |
| 3 | പത്തനംതിട്ട | 1059.00 |
| 4 | ഇടുക്കി | 191.00 |
| 5 | കോട്ടയം | 1539.36 |
| 6 | ആലപ്പുഴ | 2495.58 |
| 7 | എറണാകുളം | 4624.00 |
| 8 | തൃശ്ശൂർ | 834.00 |
| 9 | പാലക്കാട് | 801.10 |
| 10 | മലപ്പുറം | 768.80 |
| 11 | കോഴിക്കോട് | 1131.50 |
| 12 | വയനാട് | 215.50 |
| 13 | കണ്ണൂർ | 579.90 |
| 14 | കാസർഗോഡ് | 271.40 |
| | **ആകെ** | **15349.04** |